പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2465      14.06.2019 - ൽ മറുപടിക്ക്

**സംസ്ഥാന സർവ്വീസ് സഹകരണ ബോർഡിന്റെ ജനറൽ മാനേജർ തസ്തിക**

ചോദ്യം

ശ്രീ. എം. ഉമ്മർ

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സംസ്ഥാന സർവ്വീസ് സഹകരണ ബോർഡിന്റെ 27.12.2018 ലെ 4/2018 വിജ്ഞാപന പ്രകാരം കാറ്റഗറി 1/2018 എ ജനറൽ മാനേജർ തസ്തികയിൽ കൊല്ലം അർബൺ സഹകരണ ബാങ്കിലെ ഒഴിവിലേക്ക് നടത്തിയ പരീക്ഷയിൽ പരീക്ഷാ ബോർഡ് ഉദ്യോഗാർത്ഥികളെ പരീക്ഷയ്ക്കായി തെരഞ്ഞെടുത്തത് നിഷ്കർഷിച്ച അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റിന്റെ പരിശോധനയ്ക്ക് ശേഷമാണോ എന്ന് വിശദമാക്കാമോ; | എ) യും ബി) യും | സഹകരണ സർവീസ് പരീക്ഷ ബോർഡിലേയ്ക്ക് അപേക്ഷ അയയ്ക്കുന്ന ഉദ്യോഗാർത്ഥികളെ സോപാധികമായി എഴുത്തു പരീക്ഷയിൽ ഉൾപ്പെടുത്താറുണ്ട്. 4/2018-ാം നമ്പർ വിജ്ഞാപനത്തിലും ഇപ്രകാരമാണ് ഉദ്യോഗാർത്ഥികളെ എഴുത്തുപരീക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| ബി) | നിഷ്കർഷിച്ച അനുഭവ പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികൾ മാത്രമാണോ ഈ പരീക്ഷ എഴുതിയത്; | | |
| സി) | പ്രസ്തുത പരീക്ഷയുടെ കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു എന്നറിയിക്കാമോ: വിശദമാക്കുമോ; | സി) | ചട്ടം 182(4)(iii) പ്രകാരം എഴുത്തു പരീക്ഷയ്ക്ക് 40% മാർക്ക് ലഭിക്കുന്ന ഉദ്യോഗാർത്ഥികളിൽ ഒരൊഴിവിന് പത്തിരട്ടി (1:10 എന്ന അനുപാതത്തിൽ) എന്ന നിലയിലാണ് യോഗ്യത ലിസ്റ്റ് തയ്യാറാക്കുന്നത്. ബാങ്കിന്റെ യോഗ്യത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | അഭിമുഖത്തിന്റെ മാർക്ക് ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ മൂല്യ നിർണ്ണയ കേന്ദ്രത്തിൽ നിന്നും എഴുത്ത് പരീക്ഷയുടെ മാർക്ക് ലഭിക്കുകയുള്ളൂ. അഭിമുഖം നടത്തി ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ കട്ട് ഓഫ് മാർക്ക് അറിയുവാൻ കഴിയുകയില്ല. |
| ഡി) | പ്രസ്തുത തസ്തികയിൽ ഷോർട്ട് ലിസ്റ്റിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗാർത്ഥികൾ നിഷ്കർഷിച്ച പ്രകാരമുള്ള അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ എന്നും വിശദമാക്കാമോ; | ഡി) | പ്രസ്തുത ലിസ്റ്റിൽ 11 പേർ ഉൾപ്പെട്ടിട്ടുണ്ട്. ടി ഉദ്യോഗാർത്ഥികളുടെ അനുഭവ പരിജ്ഞാന സർട്ടിഫിക്കറ്റ് സംബന്ധിച്ച പരിശോധന പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. |
| ഇ) | പ്രസ്തുത ബാങ്കിലേക്ക് മാത്രമായി ജനറൽ മാനേജർ തസ്തികയിലേക്ക് കഴിഞ്ഞ രണ്ട് വർഷത്തിനിടെ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നോ; | ഇ) | സഹകരണ സർവീസ് പരീക്ഷാ ബോർഡിന്റെ 22.4.2013 ലെ 24/13-ാം നം. വിജ്ഞാപനത്തിലും, 27.12.2018 ലെ 4/2018-ാം നം. വിജ്ഞാപനത്തിലും കൊല്ലം സഹകരണ അർബൻ ബാങ്കിന്റെ ജനറൽ മാനേജർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. |
| എഫ്) | പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ? | എഫ്) | നിയമനം നടത്തിയിട്ടില്ല . യോഗ്യത ലിസ്റ്റ് അയച്ചു കൊടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ